## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 51** | **04.02.2013-ൽ മറുപടിയ്ക്ക്**

### സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും നടത്തിയ പണിമുടക്ക്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി. ദിവാകരൻ, എം.എൽ.എ,<br>ശ്രീമതി. ഇ.എസ്. ബിജിമോൾ, എം.എൽ.എ,<br>ശ്രീ. വി. ശശി, എം.എൽ.എ,<br>ശ്രീ. ജി.എസ്. ജയലാൽ, എം.എൽ.എ.** | **ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും സംസ്ഥാനത്ത് 2013-ൽ എത്ര ദിവസം പണിമുടക്കി; എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഇവർ പണിമുടക്കിയത്; | (എ) 6 ദിവസം. പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുക, തസ്തികകൾ വെട്ടിക്കുറയ്ക്കലും നിയമന നിരോധനവും അവസാനിപ്പിക്കുക, ശമ്പള കമ്മീഷൻശുപാർശകൾ പൂർണമായും നടപ്പിലാക്കുക, വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന നടപടികൾ ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം ചെയ്തത്. |
| (ബി) ഈ സമരത്തിൽ പങ്കെടുത്ത എത്ര ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) പ്രസ്തുത സമരം ഒത്തുതീർപ്പാക്കുന്നതിന് എത്ര ചർച്ചകൾ നടത്തി; ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാം; | (സി) ജനുവരി 1-നും 13-നും ചർച്ച നടത്തിയിട്ടുണ്ട്. ജനുവരി 13-നു നടത്തിയ ഒത്തു തീർപ്പു ചർച്ചയുടെ മിനുട്സ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) സമരത്തിൽ പങ്കെടുത്ത എത്ര ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പേരിൽ കേസ്സ് എടുത്തിട്ടുണ്ട്; പ്രസ്തുത കേസ്സുകൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) സമരവുമായി ബന്ധപ്പെട്ട് കേസെടുത്തിട്ടുള്ള ജീവനക്കാരുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. കേസുകളുടെ സ്വഭാവമനുസരിച്ച് തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## 2013 ജനുവരി 13 ന് ബഹു. മുഖ്യമന്ത്രിയും ബഹു. ധനകാര്യ മന്ത്രിയും NPS നടപ്പിലാക്കുന്നത് സംബന്ധിച്ച് സമരസമിതി സംഘടനകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ മിനിട്ട്സ്

2013 ജനുവരി 13 ന് ബഹു. മുഖ്യമന്ത്രിയും ബഹു. ധനകാര്യ മന്ത്രിയും NPS നടപ്പിലാക്കുന്നത് സംബന്ധിച്ച് സമരസമിതി സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. ചർച്ചയിൽ ചുവടെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി:

(1) 2013 ഏപ്രിൽ 1ന് ശേഷം NPS നടപ്പിലാക്കിക്കഴിയുമ്പോൾ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തുന്ന പക്ഷം, അത് പരിശോധിക്കുന്നതിന് ഗവൺമെന്റ് ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതാണ്. കുറഞ്ഞ വേതനവും സേവനകാലവുമുള്ള ജീവനക്കാരുടെ കാര്യം സംഘടനകൾ സൂചിപ്പിക്കുകയുണ്ടായി.

(2) മിനിമം റിട്ടേൺ, EPF പെൻഷനിൽ കുറവുവരാൻ പാടില്ല എന്ന് പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. PFRDA ബിൽ നിയമമാകുമ്പോൾ ഒരു assured return scheme ഉണ്ടാവുന്നതാണ്.

(3) NPS പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികളിൽ കേരളാ ഗവൺമെന്റ് ട്രഷറി കൂടി ഉൾപ്പെടുത്തുവാൻ PFRDA ക്ക് എഴുതുന്നതാണ്.

(4) 2013 മാർച്ച് 31 വരെ സർവ്വീസിൽ ചേരുന്ന ജീവനക്കാർക്ക് നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ തുടരും എന്ന് വീണ്ടും വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(5) സമരത്തിൽ പങ്കെടുത്തു എന്ന ഒറ്റക്കാരണം കൊണ്ട് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് അനുഭാവപൂർവ്വം പുന:പരിശോധിക്കുന്നതാണ്. ഓരോ കേസ്സും അതാതിന്റെ മെരിറ്റിൽ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ